REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 10-07-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി അഞ്ച് രാജ്യങ്ങളിലെ സന്ദർശനം പൂർത്തിയാക്കി ഇന്ത്യയിലേക്ക് മടങ്ങി.
- നിപാബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ കേന്ദ്രസംഘം മലപ്പുറത്ത്.
- കേന്ദ്ര മന്ത്രിയും മുതിർന്ന BJP നേതാവുമായ അമിത് ഷാ നാളെ രാത്രി തിരുവനന്തപുരത്ത് എത്തും.
- തിരുവനന്തപുരം കാര്യവട്ടത്തെ LNCPE യിലെ പുതിയ മെഡിക്കൽ സെന്റർ രാവിലെ കേന്ദ്ര സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ ഉദ്ഘാടനം ചെയ്യും.
- ട്വന്റി-20 വനിതാക്രിക്കറ്റിൽ ഇന്ത്യയ്ക്ക് ആറ് വിക്കറ്റ് വിജയം.

## വാർത്തകൾ വിശദമായി

**ആഫ്രിക്കയെ അസംസ്കൃത സാധനങ്ങളുടെ സ്രോതസ്സു മാത്രമായി കാണാതെ, സുസ്ഥിര വളർച്ചയുടെയും, മൂല്യസൃഷ്ടിയുടെയും ഭൂഖണ്ഡമായി പരിഗണിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ആഫ്രിക്കൻ യൂണിയന്റെ 'അജണ്ട-2063' നെ ശക്തമായി പിന്തുണച്ച അദ്ദേഹം, അവരുടെ വ്യാവസായിക ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ എല്ലാ സഹകരണവും ഉറപ്പുനൽകി. നമീബിയൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)....**

**സൈനിക - സുരക്ഷാ മേഖലകളിൽ നമീബിയയുമായി കൂടുതൽ പങ്കാളിത്തത്തിന് ഇന്ത്യ പ്രതിബദ്ധമാണെന്ന് നരേന്ദ്രമോദി ആവർത്തിച്ചു.**

ആഫ്രിക്കൻ രാജ്യങ്ങൾ അധികാര മേൽക്കോയ്മയ്ക്കു പകരം, പങ്കാളിത്ത മനോഭാവത്തോടെ മികച്ച ഭാവി രൂപപ്പെടുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

നമീബിയൻ സന്ദർശനത്തോടെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അഞ്ച് രാജ്യങ്ങളിലെ പര്യടനം പൂർത്തിയായി. ഘാന, ട്രിനിഡാഡ് ആന്റ് ടൊബാഗോ, അർജ്ജന്റീന, ബ്രസീൽ, നമീബിയ എന്നിവിടങ്ങളിലായിരുന്നു പ്രധാനമന്ത്രിയുടെ സന്ദർശനം. ഇന്നലെ രാത്രി അദ്ദേഹം ഡൽഹിയിലേക്ക് യാത്ര തിരിച്ചു.

✪✪✪

ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ, ഭരണം, പ്രശ്ന പരിഹാരം, ഉപഭോക്തൃ സംരക്ഷണം എന്നിവ സംയോജിപ്പിക്കണമെന്ന് കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ ആവശ്യപ്പെട്ടു. ന്യൂഡൽഹിയിൽ NBFC സിമ്പോസിയം 2025-ൽ സംസാരിക്കുകയായിരുന്നു അവർ.

കോവിഡിനു ശേഷം ഇത്തരം ധനകാര്യ സ്ഥാപനങ്ങൾ, ആസ്തി ഗുണനിലവാരം വീണ്ടെടുക്കുന്നുണ്ടെന്നും, മേഖലയുടെ മൊത്തം നിഷ്ക്രിയ ആസ്തികൾ കഴിഞ്ഞ മാർച്ചിൽ മൂന്ന് ശതമാനമായി കുറഞ്ഞെന്നും ധനമന്ത്രി വിലയിരുത്തി.

✪✪✪

പൊതുജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്ന രീതിയിൽ അടിസ്ഥാനപരമായ മാറ്റം വരുത്തണമെന്ന് കേന്ദ്രസഹമന്ത്രി ഡോ.ജിതേന്ദ്ര സിംഗ് ആവശ്യപ്പെട്ടു. പരാതി പരിഹാരം എന്നതിനപ്പുറം പൗരന്മാരുടെ സംതൃപ്തി ഉറപ്പാക്കുന്നതായിരിക്കണം ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ദേശീയ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു ഡോ.ജിതേന്ദ്ര സിംഗ്

✪✪✪

ഇന്ത്യൻ വ്യോമസേനയുടെ ജാഗ്വാർ പരിശീലന വിമാനം രാജസ്ഥാനിൽ തകർന്നുവീണതിന്റെ കാരണം കണ്ടെത്താൻ അന്വേഷണ കോടതി രൂപീകരിച്ചു. പതിവ് പരിശീലന ദൗത്യത്തിനിടെ വിമാനം ഇന്നലെ ചുരുവിന് സമീപം തകരുകയായിരുന്നു. അപകടത്തിൽ രണ്ടു പൈലറ്റുമാരും മരിച്ചു.

✪✪✪

കേന്ദ്ര മന്ത്രിയും മുതിർന്ന BJP നേതാവുമായ അമിത് ഷാ നാളെ രാത്രി തിരുവനന്തപുരത്ത് എത്തും. മറ്റന്നാൾ BJP യുടെ പുതിയ സംസ്ഥാന കാര്യാലയം ഉദ്ഘാടനം ചെയ്യുന്ന അമിത്ഷാ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ

പുത്തരിക്കണ്ടം മൈതാനത്ത് അഭിസംബോധന ചെയ്യും. BJP സംസ്ഥാന നേതൃയോഗത്തിലും അമിത്ഷാ പങ്കെടുക്കും.

✪✪✪

തിരുവനന്തപുരം കാര്യവട്ടം ലക്ഷ്മീഭായ് നാഷണൽ ഫിസിക്കൽ ഏജ്യൂക്കേഷൻ കോളജിൽ നിർമ്മിച്ച പുതിയ മെഡിക്കൽ സെന്റർ രാവിലെ കേന്ദ്ര കായിക സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ ഉദ്ഘാടനം ചെയ്യും. മികച്ച കായികതാരങ്ങൾ, പരിശീലകർ തുടങ്ങിയവരെ കേന്ദ്ര സഹമന്ത്രി ആദരിക്കും. കളരിപ്പയറ്റ്, തായ്ക്വോണ്ടോ, യോഗ, വോളിബോൾ എന്നിവയുടെ പ്രദർശവും ഉണ്ടാകും. തിരുവനന്തപുരം ഗോൾഫ് ക്ലബും സഹമന്ത്രി സന്ദർശിക്കും.

✪✪✪

അനർട്ടിന്റെ 'PM കുസും' പദ്ധതിയിൽ വൻ ക്രമക്കേടുണ്ടായി എന്ന ആരോപണം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് മന്ത്രി K കൃഷ്ണൻകുട്ടി നിർദ്ദേശം നൽകി. ക്രമക്കേടുകൾ കണ്ടെത്തിയാൽ ഉത്തരവാദികളെ സംരക്ഷിക്കുന്ന നിലപാടുണ്ടാവില്ലെന്ന് മന്ത്രി വ്യക്തമാക്കി.

✪✪✪

കോട്ടയം മെഡിക്കൽ കോളജിലെ ഓപ്പറേഷൻ തിയറ്ററുകളുടെ നിർമ്മാണ പുരോഗതി മന്ത്രിമാരായ വീണാജോർജിന്റെയും, V N വാസവന്റെയും നേതൃത്വത്തിൽ വിലയിരുത്തി. നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സംസ്ഥാന മെഡിക്കൽ സർവീസ് കോർപറേഷന് അവർ നിർദ്ദേശം നൽകി.

✪✪✪

മലപ്പുറം ജില്ലയിലെ നിപാബാധിത പ്രദേശങ്ങൾ സന്ദർശിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കേന്ദ്രസംഘം എത്തി. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നിയോഗിച്ച നാഷണൽ ജോയിന്റ് ഔട്ട്ബ്രേക്ക് റെസ്പോൺസ് ടീമാണ് ഇന്നലെ മലപ്പുറത്തെത്തിയത്. സംഘം സ്ഥിതിഗതികൾ പഠിച്ച് കേന്ദ്രത്തിന് റിപ്പോർട്ട് നൽകും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)...

നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോളിലെ ജോയിന്റ് ഡയറക്ടറും പൊതുജനാരോഗ്യ സ്പെഷ്യലിസ്റ്റുമായ ഡോ. പ്രണായ് വർമയുടെ നേതൃത്വത്തിൽ 10 പേരടങ്ങിയ സംഘമാണ് മലപ്പുറത്തെ നിപ സാഹചര്യം വിലയിരുത്തുന്നത്. ഇന്നലെ ജില്ലാമെഡിക്കൽ ഓഫീസർ ഡോ. R രേണുക

സംഘവുമായി കൂടിക്കാഴ്ച നടത്തി. വവ്വാലുകളുടെ നിരീക്ഷണത്തിനും സർവേയ്ക്കുമായി ഡോ. E ദിലീപ് പാട്ടീലിന്റെ നേതൃത്വത്തിൽ എട്ടുപേരടങ്ങുന്ന സംഘവും ജില്ലയിലെത്തും. നിലവിൽ അവർ പാലക്കാട്ടാണ്.

സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ ആകെ 498 പേർ ഉൾപ്പെട്ടിരിക്കുന്നതായി മന്ത്രി വീണാ ജോർജ് ഇന്നലെ തിരുവനന്തപുരത്ത് ഉന്നതതല യോഗത്തിൽ അറിയിച്ചു. മലപ്പുറം ജില്ലയിൽ 203 പേരും, കോഴിക്കോട്ട് 116 പേരും, പാലക്കാട്ട് 177 പേരും, എറണാകുളത്ത് രണ്ട് പേരുമാണ് സമ്പർക്കപ്പട്ടികയിൽ. മലപ്പുറം ജില്ലയിൽ ഇതുവരെ 46 സാമ്പിളുകൾ നെഗറ്റീവായി. മലപ്പുറത്ത് സമ്പർക്കപ്പട്ടികയിലുണ്ടായിരുന്ന മരിച്ച 78 കാരിയുടെ പരിശോധനാഫലവും നെഗറ്റീവാണ്. സെപ്തംബർ വരെ നിപ കലണ്ടർ പ്രകാരം പ്രതിരോധ നടപടികൾ തുടരാൻ മന്ത്രി നിർദ്ദേശം നൽകി.

✪✪✪

സംസ്ഥാനത്ത് കാലവർഷം സജീവമായി തുടരുന്നു. ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ ശക്തമായ മഴ സാധ്യത മുൻനിർത്തി മഞ്ഞ ജാഗ്രത നൽകി. കർണാടക തീരമേഖലയിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

✪✪✪

ട്വന്റി-20 വനിതാക്രിക്കറ്റിലെ നാലാം മത്സരത്തിൽ ഇന്ത്യ, ഇംഗ്ലണ്ടിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു. ഇതോടെ മൂന്ന് മത്സരം ജയിച്ച് ഇന്ത്യ പരമ്പര സ്വന്തമാക്കി. ഇന്നലെ ലണ്ടനിലെ ഓൾഡ് ട്രഫോഡിൽ ഇംഗ്ലണ്ടിന്റെ ഏഴ് വിക്കറ്റിന് 126 എന്ന സ്കോറിനെ, 17 ഓവറിൽ നാല് വിക്കറ്റിന് 127 റൺസെടുത്ത് ഇന്ത്യ മറികടന്നു. നോട്ടിംഗ്ഹാമിലും, ബ്രിസ്റ്റോളിലും ആദ്യമത്സരങ്ങൾ വിജയിച്ച ഇന്ത്യ, ലണ്ടനിലെ മൂന്നാം മത്സരത്തിൽ മാത്രമാണ് ഇംഗ്ലണ്ടിനോട് അഞ്ച് റൺസിന് തോറ്റത്.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന് ഇന്ന് ലോർഡ്സിൽ തുടക്കമാകും. അഞ്ച് മത്സര ആൻഡേഴ്സൺ ടെൻഡുൽക്കർ ട്രോഫി പരമ്പരയിൽ ഇരുടീമുകളും ഓരോ മത്സരം ജയിച്ച് സമനിലയിലാണ്. ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മൂന്നാം മത്സരം.

✪✪✪

വിംബിൾഡൺ പുരുഷ സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ ജാനിക് സിന്നർ സെമിഫൈനലിൽ പ്രവേശിച്ചു. 24 തവണ ഗ്രാൻഡ് സ്ലാം ചാമ്പ്യനായ നൊവാക് ജോക്കോവിച്ചിനെ സിന്നർ നേരിടും. നിലവിലെ

ചാമ്പ്യൻ കാർലോസ് അൽകാരസും, സെമിയിൽ പ്രവേശിച്ചു. വനിതാ സിംഗിൾസിൽ, ലോക ഒന്നാം നമ്പർ താരം ഇഗ സ്വിയടെകും സെമിയിലെത്തിയിട്ടുണ്ട്.

✪✪✪

ലോകകപ്പ് അമ്പെയ്ത്തിൽ ഇന്ത്യൻ വനിതാ ടീം ഫൈനലിൽ പ്രവേശിച്ചു. മാഡ്രിഡിൽ ജ്യോതി സുരേഖ വെന്നം, പർണീത് കൗർ, പ്രിതിക എന്നിവരടങ്ങുന്ന ടീം സെമിഫൈനലിൽ ഇന്തോനേഷ്യയെയാണ് പരാജയപ്പെടുത്തിയത്. ശനിയാഴ്ച ഫൈനലിൽ അവർ ചൈനീസ് തായ്‌പേയിയെ നേരിടും

✪✪✪

ചാരവൃത്തി കേസിൽ അറസ്റ്റിലായ വ്ലോഗർ ജ്യോതി മൽഹോത്രയുടെ കേരള സന്ദർശനം സംസ്ഥാനത്ത് ആഭ്യന്തര സുരക്ഷാഭീഷണി ഉയർത്തുന്നതാണെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം K സുധാകരൻ അഭിപ്രായപ്പെട്ടു. കേരളത്തിൽ പലയിടത്തും അവരുടെ സാന്നിധ്യം ഉണ്ടായിരുന്നു. രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തിയെ തിരിച്ചറിയുന്നതിലും, സുരക്ഷാ മുൻകരുതൽ സ്വീകരിക്കുന്നതിലും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഭാഗത്തുനിന്ന് ജാഗ്രത കുറവുണ്ടായെന്നും സുധാകരൻ പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങൾ ഒരുക്കിയ ഏറ്റവും മികച്ച പച്ചത്തുരുത്തുകൾക്ക് ഹരിത കേരളം മിഷൻ പുരസ്കാരം നല്കും. ഇവയിൽ നിന്ന് തെരഞ്ഞെടുക്കുന്ന അഞ്ച് പച്ചത്തുരുത്തുകൾക്ക് സംസ്ഥാന തല പുരസ്കാരവും നല്കും. ജില്ലാതല പുരസ്കാരം സപ്തംബർ ആദ്യവാരം കണ്ണൂരിലും, സംസ്ഥാനതല പുരസ്കാരം ഓസോൺ ദിനമായ സെപ്തംബർ 16 ന് തിരുവനന്തപുരത്തും സമ്മാനിക്കും.

✪✪✪

കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ മാധ്യമ ശിൽപശാല രാവിലെ കണ്ണൂർ തളിപ്പറമ്പിൽ ആരംഭിക്കും. ഹോട്ടൽ ഹോറൈസണിൽ PIB, കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ V. പളനിച്ചാമി ഉദ്ഘാടനം ചെയ്യും. പദ്മശ്രീ പുരസ്കാര ജേതാവ് E.Pനാരായണൻ പെരുവണ്ണാൻ, മുതിർന്ന മാധ്യമ പ്രവർത്തകനായ V.B പരമേശ്വരൻ എന്നിവരെ പരിപാടിയിൽ ആദരിക്കും .

✪✪✪

കോഴിക്കോട്ടെ ഹേമചന്ദ്രൻ കൊലക്കേസിൽ മുഖ്യപ്രതി നൗഷാദ് പിടിയിലായി. മെഡിക്കൽ കോളേജ് സ്റ്റേഷൻ പരിധിയിൽ നിന്നും

കാണാതായ ബത്തേരി സ്വദേശി ഹേമചന്ദ്രനെ കൊലപ്പെടുത്തിയ കേസിലെ മുഖ്യപ്രതിയായ നൗഷാദ് വിദേശത്തായിരുന്നു. ഇന്നലെ ബെംഗളൂരു വിമാനത്താവളത്തിലെത്തിയ പ്രതിയെ ലുക്ക്ഔട്ട് സർക്കുലറിന്റെ അടിസ്ഥാനത്തിൽ എമിഗ്രേഷൻ വിഭാഗം തടഞ്ഞു വെച്ച്, മെഡിക്കൽ കോളേജ് പോലീസിന് കൈമാറുകയായിരുന്നു. കേസിൽ ഇതുവരെ നാലു പേർ അറസ്റ്റിലായിട്ടുണ്ട്.

✪✪✪

സംസ്ഥാന വിവരാവകാശ കമീഷൻ സിറ്റിങ് രാവിലെ കോഴിക്കോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ആരംഭിക്കും. വിവരാവകാശ കമീഷണർ T.K രാമകൃഷ്ണനാണ് പരാതികൾ പരിഗണിക്കുന്നത്.

✪✪✪

SFI ഇന്ന് സംസ്ഥാന വ്യാപകമായി പഠിപ്പ് മുടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. കേരള സർവ്വകലാശാലയിലെ സംഘർഷത്തിൽ പ്രവർത്തകരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചാണ് പഠിപ്പ് മുടക്ക്. സംസ്ഥാന സെക്രട്ടറി ഉൾപ്പെടെ പ്രവർത്തകർക്കെതിരെയാണ് പൊലീസ് കേസെടുത്തത്.

✪✪✪

വായന പക്ഷാചരണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കോളേജ് വിദ്യാർത്ഥികൾക്കായി രാവിലെ ഫാറൂഖ് ട്രെയിനിങ് കോളേജിൽ സംവാദ മത്സരവും, സെമിനാറും സംഘടിപ്പിക്കും. 'ഡിജിറ്റൽ ലോകത്തെ സ്മാർട്ട് റീഡിങ്ങുകൾ' എന്ന വിഷയത്തിലെ സെമിനാറിൽ ഈ രംഗത്തെ വിദഗ്ധർ പങ്കെടുക്കും. 'ഡിജിറ്റൽ വായന എന്ന സമാന്തരവായന' എന്ന വിഷയത്തിലാണ് സംവാദമത്സരം.

✪✪✪

ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിലെയും, വെയർഹൗസുകളിലെയും ചുമട്ട് തൊഴിലാളികൾക്ക് കേരള ചുമട്ടു തൊഴിലാളി നിയമം ബാധകമാക്കണമെന്ന് ഹെഡ് ലോഡ് വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് K.V.രാഘവൻ ആവശ്യപ്പെട്ടു. ഈ ആവശ്യമുന്നയിച്ച് മുഖ്യമന്ത്രിക്കും, തൊഴിൽ മന്ത്രിക്കും ഫെഡറേഷൻ നിവേദനം നൽകി.

✪✪✪

---

*News Editor : ശ്രുതി*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ശരണ്യ രാജൻ*
*DEO: ഷീബ*